ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:17-01-2025

## പ്രധാനവാർത്തകൾ

1). രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ വളരെയധികം മുന്നേറിയതായും, 2047 ഓടെ വികസിത രാജ്യമെന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ലക്ഷദ്വീപിൽ വിവിധ വികസന പദ്ധതികൾക്ക് ഉപരാഷ്ട്രപതി തുടക്കം കുറിച്ചു.

2) കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയപ്രഖ്യാപനത്തോടെ തുടക്കമായി.

3) ക്ഷേമപദ്ധതിയുടെ ആനുകൂല്യങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന് വ്യക്തമാക്കി നയപ്രഖ്യാപന പ്രസംഗം. സംസ്ഥാനം നേരിടുന്ന ധനപ്രതിസന്ധിയും ജനകീയ പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടികൾ നയപ്രഖ്യാപനത്തിലില്ലെന്ന് പ്രതിപക്ഷം.

4) ഷാരോൺ വധക്കേസിൽ ശിക്ഷാവിധി നാളെ. ഒന്നാം പ്രതി ഗ്രീഷ്മയുൾപ്പെടെ രണ്ട് പ്രതികൾ കുറ്റക്കാരെന്ന് കോടതി.

5) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. പ്രകടന പത്രിക പുറത്തിറക്കി ബിജെപി.

6) ഐ ലീഗ് ഫുട്ബോളിൽ ഇന്ന് ഗോകുലം കേരള നാംധാരി എഫ്.സിയെ നേരിടും.

RNU TVPM

************************************************************

**ലക്ഷദ്വീപ് - (ഇൻട്രോ)**

ഇന്ത്യ രാഷ്ട്രമെന്ന നിലയിൽ വളരെയധികം മുന്നേറിയതായും, 2047 ഓടെ വികസിത രാജ്യമെന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ലക്ഷദ്വീപ് സന്ദർശനത്തിൻറെ ഭാഗമായി അഗത്തിയിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നയങ്ങൾ രാജ്യത്തിൻറെ മുന്നേറ്റത്തിൽ വലിയ പങ്കുവഹിച്ചതായും അദ്ദേഹം പറഞ്ഞു. ദ്വീപിൻറെ പ്രകൃതിഭംഗിയെ പ്രശംസിച്ച ഉപരാഷ്ട്രപതി, ജി-20 സംഘടിപ്പിച്ചതിലൂടെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ലക്ഷദ്വീപ് ഇടം നേടിയതായും അഭിപ്രായപ്പെട്ടു.

**(ഹോൾഡ്.........................)**

ഹർ നൽ സേ ജൽ പദ്ധതിയുടെ ഭാഗമായി ചേരത് ലാത് ദ്വീപിൽ സ്ഥാപിതമായ എൻ. ഐ. ഒ. ടി യുടെ എൽ റ്റി ഡി ഡി പ്ലാൻറ്, വികസിത് ഭാരത് വികസിത് ലക്ഷദ്വീപ് പദ്ധതിയുടെ ഭാഗമായി കൽപേനി ദ്വീപിൽ നിർമ്മിച്ച ആധുനിക സജ്ജീകരണങ്ങളോട് കൂടിയ അംഗൻ വാടി എന്നിവ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. വിദ്യാർഥികൾക്കായുള്ള ലാപ് ടോപ്പുകൾക്കും സൈക്കിളുകൾക്കും പുറമെ കേന്ദ്ര പദ്ധതി ഗുണഭോക്താക്കൾക്കായുള്ള കാർഡുകളും അദ്ദേഹം കൈമാറി. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ലക്ഷദ്വീപിൽ എത്തിയ ഉപരാഷ്ട്രപതിയേയും, പത്നി സുധേഷ് ധൻകറിനെയും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേലും മറ്റ് പ്രമുഖരും ചേർന്നാണ് സ്വീകരിച്ചത്.

************************************************************

RNU TVPM

## കേരള നിയമസഭ-ഗവർണർ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി. മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് ഗവർണർ അറിയിച്ചു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വളർച്ചയുടെ ഫലങ്ങൾ ഉറപ്പുവരുത്തുന്നതിൽ സംസ്ഥാന സർക്കാരിനുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതായിരുന്നു നയപ്രഖ്യാപന പ്രസംഗം. ക്ഷേമപദ്ധതിയുടെ ആനുകൂല്യങ്ങൾ ജനങ്ങളുടെ അവകാശമാണെന്നും, അധികാരികളുടെ ഔദാര്യമല്ലെന്നും ഗവർണർ പറഞ്ഞു. നവകേരള നിർമ്മാണത്തിനുള്ള സംസ്ഥാന സർക്കാരിൻറെ പ്രതിബദ്ധതയും നയപ്രഖ്യാപന പ്രസംഗത്തിലൂടെ അദ്ദേഹം വ്യക്തമാക്കി. കേരള ഗവർണറായി ചുമതലയേറ്റ ശേഷമുള്ള ശ്രീ ആർലേക്കറുടെ ആദ്യ നയപ്രഖ്യാപന പ്രസംഗമായിരുന്നു ഇത്. നിയമസഭയിലെത്തിയ ഗവർണറെ മുഖ്യമന്ത്രിയും സ്പീക്കറും ചേർന്നാണ് സ്വീകരിച്ചത്. നയപ്രഖ്യാപനത്തിൻ മേലുള്ള നന്ദിപ്രമേയ ചർച്ചകൾ ജനുവരി 20 മുതൽ 22 വരെ നടക്കും. അടുത്തമാസം 7 നാണ് സംസ്ഥാന ബജറ്റ്.

RNUTVPM

**************************************************

## വി.ഡി സതീശൻ - നയപ്രഖ്യാപനം

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനെതിരെ വിമർശനവുമായി പ്രതിപക്ഷം. സംസ്ഥാനം നേരിടുന്ന ധനപ്രതിസന്ധിയും ജനകീയ പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടികളൊന്നും നയപ്രഖ്യാപനത്തിലില്ലെന്ന് പ്രതിപക്ഷ

നേതാവ് വി ഡി സതീശൻ വിമർശിച്ചു. മനുഷ്യ-വന്യജീവി സംഘർഷം, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പകർച്ച വ്യാധി നിയന്ത്രണം തുടങ്ങി സംസ്ഥാനം നേരിടുന്ന വിവിധ വിഷയങ്ങൾക്ക് നേരെ മുഖം തിരിക്കുന്നതാണ് നയപ്രഖ്യാപന മെന്നും ശ്രീ വി ഡി സതീശൻ കുറ്റപ്പെടുത്തി.

************************************************************

**<u>മലയാളി മരണം - ബാബു</u>**

റഷ്യൻ കൂലിപ്പട്ടാളത്തിൽ അകപ്പെട്ട് ജീവൻ നഷ്ടപ്പെട്ട മലയാളി ബിനിൽ ബാബുവിൻറെ മരണം നിർഭാഗ്യകര മാണെന്നും സംഭവത്തിൽ അനുശോചനം അറിയിക്കുന്നതായും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. പരിക്കേറ്റ മറ്റൊരു ഇന്ത്യൻ പൗരൻ മോസ്കോയിലെ ആശുപത്രിയിൽ ചികിത്സയിലാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. റഷ്യൻ സൈന്യത്തിൽ അകപ്പെട്ട 12 ഇന്ത്യക്കാർ ഇതുവരെ കൊല്ലപ്പെട്ടതായും 16 പേരെ കാണാതായതായും അദ്ദേഹം വ്യക്തമാക്കി.

************************************************************

**<u>ഷാരോൺ വധക്കേസ്</u>**

പാറശ്ശാല ഷാരോൺ വധക്കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയും, മൂന്നാം പ്രതിയായ അമ്മാവൻ നിർമല കുമാറും കുറ്റക്കാരെന്ന് കോടതി. രണ്ടാം പ്രതിയായിരുന്ന, ഗ്രീഷ്മയുടെ അമ്മ സിന്ധുവിനെ തെളിവുകളുടെ അഭാവത്തിൽ കോടതി വെറുതെ വിട്ടു. കൊലപാതകം, തെളിവ് നശിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങൾ പ്രതികൾക്കെതിരെ തെളിഞ്ഞിട്ടുണ്ട്. ശിക്ഷാ വിധി നെയ്യാറ്റിൻകര സെഷൻസ് കോടതി നാളെ പ്രഖ്യാപിക്കും. ഷാരോണിനെ, കാമുകിയായിരുന്ന ഗ്രീഷ്മ കഷായത്തിൽ കളനാശിനി കലർത്തി കൊലപ്പെടുത്തിയെന്നാണ് കേസ്. 2022 ഒക്ടോബറിലാണ്

PNU TVPM

കേസിനാസ്പദമായ സംഭവമുണ്ടായത്. ജാമ്യത്തിലായിരുന്ന ഗ്രീഷ്മയെ കുറ്റം തെളിഞ്ഞതോടെ അട്ടക്കുളങ്ങര വനിതാ ജയിലിലേക്ക് മാറ്റി.

****************************************************

## ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. തിങ്കളാഴ്ച വരെയാണ് പത്രികകൾ പിൻവലിക്കാനാകുക. തിരഞ്ഞെടുപ്പി നായുള്ള്യ പ്രകടന പത്രിക ബിജെപി ഇന്ന്പുറത്തിറക്കി. ഡൽഹിയിലെ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ , ആയുഷ്മാൻ ഭാരതിന് കീഴിൽ അഞ്ച് ലക്ഷം രൂപയുടെ അധിക ആരോഗ്യ പരിരക്ഷ തുടങ്ങി നിരവധി വാഗ്ദാനങ്ങൾ പാർട്ടി ദേശീയ അധ്യക്ഷൻ ജെ.പി നഡ്ഡ പുറത്തിറക്കിയ പത്രികയിൽ പറയുന്നു.ഡൽഹിയിലെ 70 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് അടുത്തമാസം 5 ന് നടക്കും. വോട്ടെണ്ണൽ ഫെബ്രുവരി 8 നാണ്.

****************************************************

## ബ്രേക്ക്.......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

****************************************************

## എറണാകുളം കെ.എസ്.ആർ.ടി.സി

എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻറ് ആധുനീകരിക്കുന്നതിൻറെ ഭാഗമായി നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിനുള്ള ഉത്തരവ് അടുത്തയാഴ്ച പുറപ്പെടുവിക്കും. കാരിക്കാമുറിയിലെ ഭൂമിയിൽ 2.9 ഏക്കറാണ് പുതിയ ടെർമിനലിന്റെ നിർമ്മാണത്തിനായി നൽകുക. കെ.എസ്.ആർ.ടി.സി. ബസുകൾക്കും സ്വകാര്യ ബസുകൾക്കും

RNUTVPM

കയറാൻ കഴിയുന്ന വിധത്തിലാണ് പുതിയ ടെർമിനൽ. മന്ത്രിമാരായ പി.രാജീവിൻറെയും, ഗണേഷ് കുമാറിൻറെയും സാന്നിധ്യത്തിൽ ചേർന്ന ഉന്നതതല യോഗത്തിൻറേതാണ് തീരുമാനം.

************************************************************

**കളരിപ്പയറ്റ്**

അടുത്ത കേരള സ്കൂൾ കായിക മേളയിൽ കളരിപ്പയറ്റ് മത്സര ഇനമാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഇതിനുവേണ്ടി ഗെയിംസ് മാന്വൽ പരിഷ്കരിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഉത്തരാഖണ്ഡിൽ ഈ മാസം 28-ന് ആരംഭിക്കുന്ന ദേശീയ ഗെയിംസിൽ കളരിപ്പയറ്റ്, മത്സരയിനമാക്കാത്ത ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ നടപടി പ്രതിഷേധാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

************************************************************

**കേന്ദ്രസഹമന്ത്രി രാജ് ഭൂഷൺ ചൗധരി**

കൊല്ലം അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിൽ നടക്കുന്ന, അന്താരാഷ്ട്ര ജെൻറർ ആൻറ് ടെക്നോളജി സമ്മേളനത്തിൽ കേന്ദ്രസഹമന്ത്രി രാജ് ഭൂഷൺ ചൗധരി പങ്കെടുത്തു. യുനെസ്കോ ചെയർ ഫോർ ജെൻറർ ഈക്വാലിറ്റി ആൻറ് വുമൺസ് എംപവർമെൻറിൻറെ സഹകരണത്തോടെ നടത്തുന്ന പരിപാടിയിൽ വിവിധ സെഷനുകളിലായി അമ്പതോളം വിദഗ്ധർ പങ്കെടുക്കും.

************************************************************

**ശബരിമല**

ശബരിമലയിൽ, മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായുള്ള ദർശനം മറ്റന്നാൾ രാത്രി അവസാനിക്കും.

RIU TVPM

ഞായറാഴ്ച വൈകുന്നേരം 6 മണി വരെ പമ്പയിൽ നിന്ന് ഭക്തരെ സന്നിധാനത്തേക്ക് കടത്തി വിടും. ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്ത് 19 ന് രാത്രിയാണ്. തിങ്കളാഴ്ച പന്തളം രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷം മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് ക്ഷേത്ര നടയടയ്ക്കും.

*******************************************************

**കോഴിക്കോട് - (ഇൻട്രോ)**

താമരശ്ശേരി ചുരം റോഡിലെ മൂന്ന് ഹെയർപിൻ വളവുകൾ കൂടി വീതികൂട്ടി നിവർത്തുന്നതിന് ഭരണാനുമതി. കോഴിക്കോട്-വയനാട് പാതയിൽ തിരക്കേറുന്ന സമയങ്ങളിൽ മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്കിന് ഇതോടെ പരിഹാരമാകുമെന്നാണ് വിലയിരുത്തൽ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**(വോയിസ്...............)**

*******************************************************

**ആകാശവാണി-വാർഷികാഘോഷം**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള പ്രതിമാസ പ്രഭാഷണ പരമ്പര തിരുവനന്തപുരം നന്ദാവനത്തെ പ്രൊഫ എൻ കൃഷ്ണ പിള്ള ഫൗണ്ടേഷൻ ഓഡിറ്റോറിയത്തിൽ നാളെ നടക്കും. മാധ്യമ ധാർമികത എന്ന വിഷയത്തിൽ പ്രശസ്ത സാമൂഹിക പ്രവർത്തകൻ സി ആർ നീലകണ്ഠൻ പ്രഭാഷണം നടത്തും. മുൻ എം.എൽ.എ പന്ന്യൻ രവീന്ദ്രൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി വി ശിവകുമാർ ആമുഖ ഭാഷണം നടത്തും.

RIJU TVPM

തിരുവാതിര, മാർഗി രാമൻ ചാക്യാരും സംഘവും അവതരിപ്പിക്കുന്ന ചാക്യാർ കൂത്ത് എന്നിവ പരിപാടിയോടനുബന്ധിച്ച് നടക്കും.

***************************************************

**ഉമ തോമസ്**

കലൂർ സ്റ്റേഡിയം അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഉമ തോമസ് എം.എൽ.എ യെ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. ഡോക്ടർമാരുടെ നിർദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടു പൂർണ ആരോഗ്യം വീണ്ടെടുക്കണമെന്ന് മുഖ്യമന്ത്രി എംഎൽഎ യോട് പറഞ്ഞു. വിഷമഘട്ടത്തിൽ ഒപ്പം നിന്ന എല്ലാവർക്കും ശ്രീമതി ഉമ തോമസ് നന്ദി അറിയിച്ചു.

RNU TVPM

***************************************************

**മണ്ണാർക്കാട് കേസ് - കോടതി**

മണ്ണാർക്കാട് നബീസ വധക്കേസിൽ പ്രതികൾ കുറ്റക്കാരെന്ന് കോടതി . നബീസയുടെ മകളുടെ മകൻ ബഷീർ, ഭാര്യ ഫസീല എന്നിവർ കുറ്റക്കാരെന്നാണ് മണ്ണാർക്കാട് കോടതി പ്രഖ്യാപിച്ചത്. പ്രതികൾക്കുള്ള ശിക്ഷ നാളെ വിധിക്കും. 2016 ജൂൺ 24 ന് ഭക്ഷണത്തിൽ വിഷം കലർത്തി നബീസയെ കൊലപ്പെടുത്തിയെന്നാണ് കേസ്.

***************************************************

**ഐ ലീഗ്**

ഐ ലീഗ് ഫുട്ബോൾ ഹോം മത്സരത്തിൽ ഗോകുലം കേരള ഇന്ന് നാംധാരി എഫ്.സിയെ നേരിടും. രാത്രി ഏഴിന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

***************************************************

**<u>ഐ.എസ്.എൽ</u>**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ജംഷെഡ്പുർ എഫ്സി മോഹൻബഗാനെ നേരിടും. ജംഷഡ്പൂരിൽ രാത്രി 7.30 നാണ് മത്സരം.

*********************************************************

************************************

*********************

RNU TVPM